**സഫേൺ സെന്റ് മേരീസ് പള്ളിയിൽ**
**തെയോഫിലോസ് മെത്രാപ്പൊലീത്തയെ അനുസ്മരിച്ചു**

ജോർജ് തുമ്പയിൽ

സഫേൺ(ന്യൂയോർക്ക്): മലങ്കര ഓർത്തഡോക്സ് സഭയുടെ മലബാർ ഭദ്രാസനാധിപൻ കാലംചെയ്ത ഡോ. സഖറിയാ മാർ തെയോഫിലോസ് തിരുമേനിയുടെ അനുസ്മരണാർഥം റോക്‌ലൻഡ് കൗണ്ടിയിലുള്ള സഫേൺ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സന്ധ്യാപ്രാർഥനയും അനുശോചനസമ്മേളനവും നടന്നു. ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഡോ. ഫിലിപ്പ് ജോർജ്, സാജൻ മാത്യു എന്നിവർ പ്രാർഥനയിലും സമ്മേളനത്തിലും പങ്കെടുത്തു. വികാരി റവ.ഡോ. രാജു വർഗീസ് തെയോഫിലോസ് തിരുമേനിയുമായുള്ള സ്മരണകൾ പങ്കുവച്ചു. കോട്ടയം ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിൽ ഒരുമിച്ച് ചെലവഴിച്ച എം സി ചെറിയാൻ ശെമ്മാശനെ നന്ദിയോടെ സ്മരിച്ചു. കൗൺസിലിനെ പ്രതിനിധീകരിച്ച് ഡോ. ഫിലിപ്പ് ജോർജ് അനുശോചനം രേഖപ്പെടുത്തി. കുടുംബാംഗങ്ങളുടെ പ്രതിനിധിയായി സുജ പോത്തൻ നന്ദി പറഞ്ഞു. അഗതികളുടെ പിതാവായ താപസശ്രേഷ്ഠനെ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഇടവകാംഗങ്ങൾ പ്രാർഥനയോടെ അനുസ്മരണചടങ്ങുകളിൽ പങ്കുചേർന്നു.